6701/എഫ്/2013/കെ.എസ്.എച്ച്.ഒ 17/08/2015

# സർക്കുലർ

വിഷയം: കുടുംബശ്രീ – ദേശീയ ഉപജീവന മിഷൻ (എൻ.യു.എൽ.എം). – സ്വയം തൊഴിൽ പരിപാടി – അപേക്ഷകളും വിശദാംശങ്ങളും സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന: എൻ.യു.എൽ.എം.–ന്റെ പ്രവർത്തന മാർഗ്ഗരേഖ

ദേശീയ ഉപജീവന മിഷന്റെ (എൻ.യു.എൽ.എം) ഭാഗമായി ദാരിദ്ര്യമനുഭവിക്കുന്ന നഗരദരിദ്രർക്ക് സ്വയംതൊഴിൽ ഒരുക്കിക്കൊടുത്ത് അവരെ മുഖ്യധാരയിലെത്തിക്കുന്നതിന് വ്യക്തിഗത സംരംഭത്തിനും ഗ്രൂപ്പ് സംരംഭത്തിനും സഹായം നൽകുന്നു. ഇതിനായി പദ്ധതി തയ്യാറാക്കുന്നതിനും, ബാങ്കിൽ നിന്നും മൂലധനം ഒരുക്കി നൽകുന്നതിനും ആയതിൽ പലിശ ഇളവ് അനുവദിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ പരിപാടിയിൽ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് ബാങ്ക് വായ്പയിന്മേലുള്ള പലിശ ഇളവിന്റെ രീതിയിൽ സാമ്പത്തിക സഹായം നൽകുന്നതാണ്. വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്കായി 2 ലക്ഷം രൂപ (പരമാവധി) വരെയുള്ള പദ്ധതികൾക്ക് ബാങ്ക് വായ്പ നൽകുന്നതാണ്. ഗ്രൂപ്പ് സംരംഭത്തിന് 10 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. വായ്പകൾ 7% പലിശയ്ക്ക് നൽകുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ പദ്ധതിയിൻ കീഴിൽ നൽകുന്നതാണ്. സ്ത്രീകൾ മാത്രമായ ഗ്രൂപ്പ് സംരംഭങ്ങൾക്ക് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന പക്ഷം പലിശയിനത്തിൽ അധികമായി 3% ഇളവ് കൂടി ലഭിക്കുന്നതാണ്.

## I. ധനസഹായത്തിനുള്ള യോഗ്യത

1) സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന ദരിദ്ര കുടുംബത്തിലെ വ്യക്തിഗത സംരംഭകന് 18 വയസ്സ് പൂർത്തിയായിരിക്കണം.
2) ഗ്രൂപ്പ് സംരംഭങ്ങളാണെങ്കിൽ ടി സംഘത്തിൽ ഏറ്റവും കുറഞ്ഞത് 5 അംഗങ്ങളും അവരിൽ 70% പേർ നഗര ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവരുമായിരിക്കണം. എല്ലാ അംഗങ്ങൾക്കും 18 വയസ് പൂർത്തിയായിരിക്കേണ്ടതാണ്. ഗ്രൂപ്പ് സംരംഭകർ ഒരേ എൻഎച്ച്ജി/ എസ്എച്ച്ജി.യിൽ നിന്നുള്ള അംഗങ്ങൾ ആകണമെന്ന് നിർബന്ധമില്ല.

II. **അപേക്ഷകൾ സ്പോൺസർ ചെയ്യാനുള്ള രീതി**

- സംരംഭങ്ങൾക്കുള്ള സ്പോൺസറിംഗ് ഏജൻസിയായി നഗരസഭ പ്രവർത്തിക്കേണ്ടതാണ്. സ്വയംതൊഴിലിനുള്ള എല്ലാ അപേക്ഷകളും നഗരസഭ സ്പോൺസർ ചെയ്യേണ്ടതാണ്.
- നഗരസഭകൾ സ്വയംതൊഴിൽ പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ രീതിയിലുള്ള പ്രചാരണം (പത്രപരസ്യങ്ങൾ, ഫീൽഡ് ജീവനക്കാർ, നഗര ഉപജീവന കേന്ദ്രങ്ങൾ) മുഖേന നടത്തേണ്ടതാണ്.
- സംരംഭങ്ങൾ തുടങ്ങാനായി ധനസഹായം ആവശ്യമുള്ള ഗുണഭോക്താക്കൾ അവരുടെ അടിസ്ഥാന വിവരങ്ങൾ (പേര്, വയസ്, മേൽവിലാസം, ആധാർ (ഉണ്ടെങ്കിൽ), വേണ്ട തുക, അക്കൗണ്ട് നമ്പർ (ഉണ്ടെങ്കിൽ) തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ വിശദാംശങ്ങൾ (ആക്ടിവിറ്റി പ്ലാൻ / ബിസിനസ് പ്ലാൻ) എന്നിവ സഹിതം നഗരസഭയിൽ അപേക്ഷ നൽകണം.
- അയൽക്കൂട്ടങ്ങൾ, എഡിഎസ്, സിഡിഎസ്, കമ്മ്യൂണിറ്റി ഓർഗനൈസർമാർ എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. കൂടാതെ സാധ്യതയുള്ള സംരംഭകരെ കണ്ടെത്തി ബാങ്ക് വായ്പ തരപ്പെടുത്തി കൊടുക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.
- അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക്, നഗരസഭകൾ ടി വിവരങ്ങൾ രേഖപ്പെടുത്തുകയും, അപേക്ഷകരുടെ ഒരുപട്ടിക തയ്യാറാക്കേണ്ടതുമുണ്ട്. ടി അപേക്ഷകന് നഗരസഭ ഒരു രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതാണ്.
- ബാങ്കുകളിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ നഗരസഭയിലേയ്ക്ക് റഫർ ചെയ്യേണ്ടതാണ്.
- തയ്യാറാക്കിയ പട്ടികയുടെ ക്രമ നമ്പർ അനുസരിച്ച് നഗരസഭകൾ അപേക്ഷകരെ നേരിട്ട് വിളിക്കുകയും ബന്ധപ്പെട്ട രേഖകൾ (വായ്പാ ഫോറം പൂരിപ്പിക്കൽ, തിരിച്ചറിയൽ, മേൽവിലാസം രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ) തയ്യാറാക്കുകയും വേണം.
- അപേക്ഷകൾ പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനും, നഗരസഭാതലത്തിൽ സെക്രട്ടറി ഒരു കർമ്മ സേനയ്ക്ക് രൂപം നൽകേണ്ടതാണ്. കർമ്മസേനയുടെ ഘടന അനുബന്ധം 1 ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കിട്ടിയ അപേക്ഷകൾ പരിശോധിച്ച ശേഷം പരിഗണിക്കാവുന്നവ വ്യക്തമായ ശുപാർശയോടു കൂടി ബാങ്കുകൾക്ക് കൈമാറേണ്ടതാണ്. അല്ലാത്തവ നിരസിച്ച് കാരണം അപേക്ഷകരെ അറിയിക്കേണ്ട

താണ്. അപേക്ഷ പരിഗണിക്കുമ്പോൾ നൈപുണ്യം, സംരംഭത്തിന്റെ സാധ്യത, മുൻകാല പരിചയം എന്നിവ കണക്കിലെടുക്കുകയും, തുടർന്ന് ചുരുക്കപ്പട്ടിക തയ്യാറാക്കി അപേക്ഷകരെ നേരിൽ കേൾക്കേണ്ടതുമാണ്.

- കർമ്മസേന ശുപാർശ ചെയ്ത അപേക്ഷകൾ, തുടർനടപടികൾക്കായി നഗരസഭകൾ ബാങ്കുകൾക്ക് നൽകുകയും 15 ദിവസത്തിനുള്ളിൽ ബാങ്കുകൾ ടി അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. (ഇക്കാര്യത്തിൽ റിസർവ്വ് ബാങ്ക് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്).
- നഗരസഭയിലെ ടി കർമ്മസേന ശുപാർശ ചെയ്ത അപേക്ഷകളുടെ വിശദാംശങ്ങൾ ബാങ്കുമായി ഒത്തുനോക്കിയതിനുശേഷം നഗരസഭകൾ ഒരു ഡാറ്റാ ഷീറ്റ് തയ്യാറാക്കേണ്ടതും മാസാമാസം സംസ്ഥാന മിഷനിലേയ്ക്ക് അയയ്ക്കുകയും വേണം.
- ഗുണഭോക്താക്കൾക്ക് വായ്പ നൽകിയതിനുശേഷം ബാങ്കിന്റെ ബന്ധപ്പെട്ട ശാഖ, ടി വിവരങ്ങൾ, വായ്പ സബ്സിഡി തുക ഉൾപ്പെടെ നഗരസഭകൾക്ക് അയയ്ക്കുകയും, വിശദമായ പരിശോധനകൾക്കു ശേഷം നഗരസഭകൾ ത്രൈമാസ കണക്കിൽ ബാങ്കുകൾക്ക് വായ്പാ സബ്സിഡി തുക നൽകേണ്ടതുമാണ്.
- ബാങ്ക് നിർദ്ദേശിക്കുന്ന ഗുണഭോക്തൃവിഹിതം കിഴിച്ചുള്ള തുകയായിരിക്കും ബാങ്ക് വായ്പയായി നൽകേണ്ടത്.

## III. വായ്പാ തിരിച്ചടവ് കാലാവധി

വായ്പയെടുത്ത സംരംഭകർ, ബാങ്കുകൾ നിശ്ചയിക്കുന്ന 6 മുതൽ 18 മാസം വരെയുള്ള കാലാവധി കഴിഞ്ഞ് (മെറട്ടേറിയം) 5 മുതൽ 7 വർഷം വരെ കാലാവധിക്കുള്ളിൽ വായ്പത്തുക തിരിച്ചടയ്ക്കേണ്ടതാണ്.

## IV. വായ്പകൾക്കുള്ള സെക്യൂരിറ്റി

ഇത്തരത്തിൽ വായ്പയെടുക്കുന്ന സംരംഭകർ യാതൊരു തരത്തിലുമുള്ള കൊളാറ്ററൽ സെക്യൂരിറ്റി (ഗ്യാരന്റി)യും നൽകേണ്ടതില്ല. എന്നാൽ സംരംഭത്തിൽ കൂടി സൃഷ്ടിക്കപ്പെടുന്ന ആസ്തി ബാങ്കിന് ഹൈപ്പോതിക്കേറ്റ് ചെയ്യേണ്ടതാണ്.

## V. വായ്പ നൽകുന്ന ബാങ്കുകൾ

1. ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ
2. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ (ആർ.ആർ.ബി)
3. സഹകരണ ബാങ്കുകൾ

4. (1), (2), (3) ഗണത്തിൽ വരുന്ന എല്ലാ ബാങ്കുകൾക്കും കോർബാങ്കിംഗ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

നഗരദാരിദ്ര്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ദരിദ്രർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് പ്രാധാന്യം നൽകുന്ന ഈ പദ്ധതി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾക്ക് വിധേയമായി എല്ലാ നഗരസഭകളും ഏറ്റെടുക്കേണ്ടതാണ്.

VI. **അപ്പീൽ**

കർമ്മ സമതി എടുക്കുന്ന തീരുമാനങ്ങളിൽ അപേക്ഷകന് ആക്ഷേപമുള്ള പക്ഷം, ആയത് നഗരസഭാതലത്തിലുള്ള എൻ.യു.എൽ.എം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാവുന്നതും പ്രസ്തുത കമ്മിറ്റി പരിശോധിച്ച് കർമ്മ സമിതിയുടെ തീരുമാനം വസ്തുതാവിരുദ്ധമെന്നോ / നിയമപരമല്ലെന്നോ കാണുന്ന പക്ഷം 'തീരുമാനം പുനപരിശോധിക്കാൻ' കർമ്മ സമിതിയോട് ആവശ്യപ്പെടാവുന്നതുമാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ നഗരസഭാ ചെയർമാന്മാർക്കും-മേയർമാർക്കും (എൻ.യു.എൽ.എം നഗരങ്ങളിൽ)
2. എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (എൻ.യു.എൽ.എം നഗരങ്ങളിൽ)
3. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും
4. എല്ലാ നഗരസഭാ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കും (എൻ.യു.എൽ.എം നഗരങ്ങളിൽ)
5. എല്ലാ എൻ.യു.എൽ.എം നഗരസഭകളിലെയും സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

***പകർപ്പ്***

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
കരുതൽ/അധികം

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)

അനുബന്ധം-1

## നഗരസഭ തലത്തിലുള്ള കർമ്മസേന

| | | |
|---|---|---|
| 1) | നഗരസഭാ സെക്രട്ടറി | ചെയർമാൻ |
| 2) | സിറ്റി പ്രോജക്ട് ഓഫീസർ | മെമ്പർ സെക്രട്ടറി |
| 3) | ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ പ്രതിനിധി (ഡിഐസി) | അംഗം |
| 4) | ബാങ്കുകളുടെ മുതിർന്ന ബ്രാഞ്ച് മാനേജർ (പരമാവധി 2 പേർ) | അംഗം |
| 5) | എ.എൽ.എഫ്/സി.എൽ.എഫ്.ന്റെ പ്രതിനിധികൾ (2 പേർ) | അംഗം |
| 6) | ലീഡ് ജില്ലാ മാനേജർ (എൽഡിഎം) | അംഗം |

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**